**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 978** **12-06-2024 - ൽ മറുപടിയ്ക്ക്**

**ജനവാസമേഖലയിലെത്തുന്ന വന്യജീവികളുടെ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവികളും മനുഷ്യരും തമ്മിലുള്ള സംഘർഷത്തിനുള്ള കാരണങ്ങളിലൊന്ന് വന്യജീവികളുടെ ക്രമാതീതമായ വർദ്ധനവാണ് എന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ ഇവയുടെ എണ്ണം നിയന്ത്രിക്കുന്നതിന് പദ്ധതി രൂപീകരിക്കുവാൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വന്യജീവികളുടെ എണ്ണം നിയന്ത്രിക്കുന്നതിന് പദ്ധതി രൂപീകരിക്കുവാൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല. |
| (ബി) | ജനവാസമേഖലയിലെത്തുന്ന വന്യജീവികളെ കൈകാര്യം ചെയ്യുന്നതിനായി കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ, ഗൈഡ്‌ലൈൻ എന്നിവ ഫലപ്രദമല്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് വനം വന്യജീവി നിയമം ഭേദഗതി ചെയ്യണമെന്ന ആവശ്യത്തിലുറച്ച് നിൽക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | 2024 ഫെബ്രുവരി 14-ന് പതിനഞ്ചാം കേരള നിയമസഭ പത്താം സമ്മേളനത്തിൽ 1972-ലെ വന്യജീവി (സംരക്ഷണ) നിയമം ഭേദഗതി ചെയ്യണ-മെന്ന പ്രമേയം കേരള നിയമസഭ ഐകകണ്ഠേന പാസ്സാക്കിയിട്ടുള്ളതും ടി പ്രമേയത്തിന്റെ പകർപ്പ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിലേക്ക് 27.02.2024-ൽ അയച്ചുകൊടുത്തിട്ടുള്ളതുമാണ്. |
| (സി) | ആക്രമണം നടത്തുന്ന വന്യജീവികളെയും ക്ഷുദ്രജീവികളെയും കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനത്തിന് പരിമിതമായ അധികാരങ്ങൾ മാത്രം ഉള്ളപ്പോഴും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നടത്തിയ ഇടപെടലുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | സംസ്ഥാനത്ത് ജനവാസ മേഖലയിൽ മനുഷ്യ-വന്യമൃഗ സംഘർഷം വർദ്ധിച്ചുവരുന്ന സാഹചര്യം പരിഗണിച്ച് മനുഷ്യ-വന്യമൃഗ സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചു കൊണ്ട് സർക്കാർ പുറപ്പെടുവിച്ച GO(Ms) 04/24/DMD dated 07-03-2024 നമ്പർ ഉത്തരവിന്റെ വെളിച്ച-ത്തിൽ എല്ലാ സർക്കിൾ/ഡിവിഷൻ തലങ്ങളിലും Division Emergency Operation Centre (DEOC) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുള്ള അടിയന്തര സാഹചര്യം ലഘൂകരിക്കുന്നതിനും പ്രശ്ന പരിഹാരത്തിനും ചീഫ് വൈൽഡ്‌ലൈഫ് വാർഡനെ മനുഷ്യ-വന്യമൃഗ സംഘർഷം കൈകാര്യം ചെയ്യുന്നതിനുള്ള നോഡൽ ഓഫീസറായി നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പാസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തി-ക്കുന്ന ഒരു കൺട്രോൾ റൂം പ്രവർത്തിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്യുന്നുണ്ട്. വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി.) സേവനം വിനിയോഗിച്ചുവരുന്നു.<br>ജനവാസ മേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ ഇല്ലായ്മ ചെയ്യുന്നതിന് നിലവിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും ഡെലിഗേറ്റ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് (സാധാ) 239/2022/വനം തീയതി 31-05-2022 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 28-05-2024 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (കൈ) 09/2024/വനം തീയതി 25-02-2024 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 21-05-2024 ലെ KFDHQ/3331/2021-CWW/WL11 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഇടപെടലുകളുടെ ഭാഗമായി സംസ്ഥാനത്തുടനീളം ദ്രുത പ്രതികരണ സേനയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി സംസ്ഥാനത്ത് സ്ഥിരവും താൽക്കാലികവുമായി 28 ആർ.ആർ.റ്റി.കൾ പ്രവർത്തിച്ചു വരുന്നു. മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന സ്ഥലങ്ങൾ നിരീക്ഷിച്ച് അത്തരം പ്രദേശങ്ങളിൽ വേഗത്തിൽ സേവനം എത്തിക്കാവുന്ന തരത്തിലാണ് ആർ.ആർ.റ്റി.കളെ വിന്യസിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ